## പതിനാലാം കേരള നിയമസഭ
## പതിനെട്ടാം സമ്മേളനം

നക്ഷത്രചിഹ്നമിടാത്ത ചോദ്യം നം.1782 — 10.02.2020-ൽ മറുപടിയ്ക്ക്

### കേന്ദ്ര മോട്ടോർ വാഹന നിയമ ഭേദഗതി

| ചോദ്യം<br>ശ്രീ.മുല്ലക്കര രത്നാകരൻ<br>ശ്രീമതി ഇ.എസ്.ബിജിമോൾ<br>ശ്രീ.ആർ. രാമചന്ദ്രൻ<br>ശ്രീ. വി.ആർ. സുനിൽ കുമാർ | | മറുപടി<br>ശ്രീ.എ.കെ.ശശീന്ദ്രൻ<br>(ഗതാഗത വകുപ്പ് മന്ത്രി) | |
|---|---|---|---|
| (എ) | ആഡംബര ബസുകൾക്ക് പെർമിറ്റില്ലാതെ ഓടാൻ കഴിയുന്ന വിധത്തിൽ കേന്ദ്ര മോട്ടോർ വാഹന നിയമം ഭേദഗതി ചെയ്യുന്നത് സംബന്ധിച്ച് അറിവ് ലഭിച്ചിട്ടുണ്ടോ; വ്യക്തമാക്കുമോ; | (എ) | ഇത് സംബന്ധിച്ച് കേന്ദ്രം കരട് വിജ്ഞാപനം പ്രസിദ്ധീകരിച്ചിട്ടുണ്ട്. |
| (ബി) | അന്തർ സംസ്ഥാന പാതകളിൽ ഓടുന്ന സ്വകാര്യബസ്സുകൾക്കെല്ലാം സംസ്ഥാനത്തിനുള്ളിലും ഓടുന്നതിന് ഈ ഭേദഗതി വഴിയൊരുക്കുമോ; വ്യക്തമാക്കുമോ; | (ബി) | 22 സീറ്റിൽ കൂടുതലുള്ള ലക്ഷ്വറി ക്ലാസ് വാഹനങ്ങൾക്ക് പെർമിറ്റ് ഇല്ലാതെ സർവ്വീസ് നടത്തുന്നതിന് അനുവാദം നൽകുന്ന തരത്തിലാണ് നിയമഭേദഗതി വരുത്തുവാൻ ഉദ്ദേശിച്ചിരിക്കുന്നത്. |
| (സി) | സ്വകാര്യ ലക്ഷ്വറി ബസ്സുകൾക്ക് സംസ്ഥാന സർക്കാരിന്റെ സ്റ്റേജ് കാര്യേജ് പെർമിറ്റ് വേണ്ടാത്ത അവസ്ഥ ഈ ഭേദഗതി സൃഷ്ടിക്കുമോ; വ്യക്തമാക്കുമോ; | (സി) | കേന്ദ്രത്തിന്റെ കരട് വിജ്ഞാപനത്തിലെ വ്യവസ്ഥകൾ പ്രാബല്യത്തിൽ വരികയാണെങ്കിൽ സ്വകാര്യ ലക്ഷ്വറി ബസ്സുകൾക്ക് സർവ്വീസ് നടത്തുന്നതിന് പെർമിറ്റ് എടുക്കേണ്ട ആവശ്യമില്ല. |
| (ഡി) | കെ.എസ്.ആർ.ടി.സി.യെ ഈ ഭേദഗതി എത്തരത്തിൽ ബാധിക്കുമെന്ന് വ്യക്തമാക്കുമോ; | (ഡി) | കേന്ദ്ര ഉപരിതല ഗതാഗത മന്ത്രാലയത്തിന്റെ 07.1.2020 തീയതിയിലെ RT-16011/10/2019-T നമ്പർ പ്രാഥമിക വിജ്ഞാപനം എ.സി, ഡീലക്സ് ബസ്സുകൾക്ക് നിലവിലുള്ള പെർമിറ്റ് വ്യവസ്ഥകൾ ഒഴിവാക്കി നൽകുന്നതിന് നിർദ്ദേശിച്ചിട്ടുള്ളതാണ്. പ്രസ്തുത നിർദ്ദേശം പൂർണ്ണ അർത്ഥത്തിൽ നടപ്പിലാക്കുകയാണെങ്കിൽ ആയത് കെ.എസ്.ആർ.ടി.സി ഉൾപ്പെടെയുള്ള രാജ്യത്തിലെ എല്ലാ എസ്.റ്റി.യു.കളുടെയും നിലനിൽപ്പിനെ വലിയ അർത്ഥത്തിൽ പ്രതിസന്ധിയിലാക്കും. പുതിയ നിർദ്ദേശം നടപ്പിലാക്കിയാൽ കൂടുതൽ കൂടുതൽ സ്വകാര്യ കോൺട്രാക്ട് |

| | | | |
|---|---|---|---|
| • | | | ക്യാരേജുകൾ സർവ്വീസ് നടത്തുന്നതിന് എത്തിച്ചേരുന്നതും, ഇത് കെ.എസ്.ആർ. ടി.സി.യുടെ പൂർണ്ണ തകർച്ചയ്ക്ക് വഴി വയ്ക്കുമെന്നുള്ളതുമാണ്. മേൽ ഉത്തരവ് പ്രകാരമുള്ള നിർദ്ദേശം നടപ്പിലാക്കിയാൽ ഏത് കോൺട്രാക്ട് ക്യാരേജുകൾക്കും എവിടേയ്ക്കും ആവശ്യാനുസരണം ഇഷ്ടമുള്ള തുക ഈടാക്കി യാതൊരുവിധ നിയന്ത്രണങ്ങളും ഇല്ലാതെ തന്നെ സർവ്വീസ് നടത്താവുന്ന സാഹചര്യം വന്നുചേരും. കൂടാതെ നിലവിൽ രാത്രികാലത്ത് അനധികൃതമായി നടത്തുന്ന ദീർഘദൂര സർവ്വീസുകൾ/അന്തർ സംസ്ഥാന സർവ്വീസുകൾ കേരളത്തിലെ എല്ലാ പ്രധാന സ്ഥലങ്ങളിലും വ്യാപകമായി നടത്തുകയും സർക്കാരിന് ടി സർവ്വീസുകളെ നിയമപരമായി തടയുവാൻ കഴിയാത്ത സാഹചര്യം ഉടലെടുക്കുകയും ചെയ്യും. യാത്രക്കാരുടെ സുരക്ഷിതത്വം ഇത്തരം സർവ്വീസുകളിൽ ഉറപ്പ് വരുത്തുന്നതിന് കഴിയുകയില്ല. |
| (ഇ) | ബസ് മേഖല കുത്തകകൾക്ക് കൈമാറാനുള്ള കേന്ദ്ര സർക്കാരിന്റെ നീക്കമാണോ ഇതെന്നും ഇതിന്മേൽ സംസ്ഥാന സർക്കാർ എന്തെല്ലാം നടപടികൾ സ്വീകരിക്കുമെന്നും വ്യക്തമാക്കുമോ? | (ഇ) | പ്രസ്തുത നിർദ്ദേശം നടപ്പിലാക്കുന്നത് സംബന്ധിച്ച സംസ്ഥാന സർക്കാരിനുള്ള എതിർപ്പുകൾ അറിയിക്കുന്നതിന് മുന്നോടിയായി വിവിധ ട്രേഡ് യൂണിയനുകളുമായും കെ.എസ്.ആർ.ടി.സി, മോട്ടോർ വാഹന ഉദ്യോഗസ്ഥരുമായും ബഹു: ഗതാഗത വകുപ്പ് മന്ത്രി 22.1.2020 ന് ചർച്ച നടത്തിയിട്ടുള്ളതും വിശദാംശങ്ങൾ രൂപീകരിച്ച് സംസ്ഥാനസർക്കാരിന്റെ അഭിപ്രായം കേന്ദ്ര സർക്കാരിനെ അറിയിച്ചിട്ടുള്ളതുമാണ്. |

സെക്ഷൻ ഓഫീസർ